**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3015** **03-08-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ പാലുൽപ്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ പ്രതിദിനം എത്ര ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നുവെന്നും ജില്ലയിൽ നിലവിൽ ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്ന ബ്ലോക്ക് ഏതാണെന്നുമുള്ള വിവരം അറിയിക്കാമോ ; | (എ) | വയനാട് ജില്ലയിലെ ശരാശരി പ്രതിദിന പാൽ ഉൽപ്പാദനം 2,73,394 ലിറ്റർ ആണ്. ജില്ലയിൽ ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന ബ്ലോക്ക് പനമരം ആണ്. ഇവിടത്തെ ശരാശരി പ്രതിദിന പാൽ ഉൽപ്പാദനം 90994 ലിറ്റർ ആണ്. |
| (ബി) | വയനാട് ജില്ലയിൽ എത്ര ക്ഷീരകർഷകർ ഉണ്ടെന്ന കണക്ക് ക്ഷീരവികസന വകുപ്പിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ ; | (ബി) | ലഭ്യമാണ്.ജില്ലയിൽ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകരുടെ എണ്ണം - 19539 |
| (സി) | വയനാട് ജില്ലയിലെ ക്ഷീരമേഖലയെ പരിപോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീരകർഷകർക്കും ക്ഷീര സംഘങ്ങൾക്കും വേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീരകർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. വയനാട് ക്ഷീരമേഖലയ്ക്ക് പ്രത്യേകമായി എല്ലാ വർഷവും 25 ലക്ഷം രൂപയുടെ പദ്ധതികളും നടപ്പിലാക്കിവരുന്നു. അവശ്യാധിഷ്ഠിത ധനസഹായം, ബയോ ഗ്യാസ് പ്ലാന്റ് ധനസഹായം ധാതുലവണ മിശ്രിതം വിതരണം കൂടാതെ വിവിധ പരിശീലന പരിപാടികൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തുന്നത്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തീറ്റപ്പുൽകൃഷി, അസോളകൃഷി, കമ്പോസ്റ്റ് പിറ്റ്, ചാണകക്കുഴി എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ